(ഇ) ഈ സർക്കാർ നാളിതുവരെ പ്രസ്തുത ഡിപ്പോകൾക്കായി എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ഈ ഡിപ്പോകൾക്കായി കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുമോ ; ഓരോന്നിനും എത്ര ബസ്സ് വീതം നൽകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വെഞ്ഞാറമൂട് ഡിപ്പോയിൽ 62 ഷെഡ്യൂളുകളും, പാലോട് ഡിപ്പോയിൽ 40 ഷെഡ്യൂളുകളുമാണുള്ളത്. ഷെഡ്യൂളിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2 ഫാസ്റ്റ്, 16 സിറ്റി ഫാസ്റ്റ്, 44 ഓർഡിനറി എന്നിങ്ങനെ 62 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 68 ബസുകൾ ആവശ്യമുണ്ട്. പാലോട് ഡിപ്പോയിൽ 7 ഫാസ്റ്റ്, 33 ഓർഡിനറി എന്നിങ്ങനെ 40 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 44 ബസ്സുകൾ സ്പെയർ ബസ് ഉൾപ്പെടെ ആവശ്യമുണ്ട്.

(സി) വെഞ്ഞാറമൂട് ഡിപ്പോയിൽ 9 JnNURM ബസ്സുകൾ ഉൾപ്പെടെ 52 ബസ്സുകൾ ഉണ്ട്. പാലോട് ഡിപ്പോയിൽ 3 Jn NURM ബസ്സുകൾ ഉൾപ്പെടെ 37 ബസ്സുകൾ ഉണ്ട്.

(ഡി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2-12-2014-ൽ ഏഴ ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു. പാലോട് ഡിപ്പോയിൽ 2-12-2014-ൽ നാല് ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു.

(ഇ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് 7 പുതിയ ബസ്സുകളും പാലോട് ഡിപ്പോയ്ക്ക് 6 പുതിയ ബസ്സുകളും നൽകിയിട്ടുണ്ട്.

(എഫ്) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡപകടങ്ങൾ പെരുകുന്നത് തടയുവാൻ നടപടി

354 (2229) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം, കാൽനട യാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ട്രാഫിക്ക് നിയമങ്ങൾ പാലിക്കാത്തതും അനുവദനീയമായതിലുമധികം വേഗത്തിൽ വാഹനമോടിക്കുന്നതുംമൂലമാണ് അപകടങ്ങൾ പെരുകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-ൽ 4258 പേർ റോഡപകടങ്ങളിൽ മരണപ്പെടുകയും ഇതിൽ 1333 പേർ കാൽ നട യാത്രക്കാരും, 1712 ബൈക്ക് യാത്രക്കാരും, 1213 മറ്റു വാഹനങ്ങളിലെ യാത്രക്കാരുമാണ് മരണപ്പെട്ടിട്ടുള്ളത്.

(സി&ഡി) ഉണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലത്തിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യസംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly